LIBRARY ARCHIVES Kerala Legislative Assembly

ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനം

50 (4382) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗപരിമിതരുടെ ജോലി സംവരണം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്ക് ലിസ്റ്റുകൾ എല്ലാ ജില്ലകളിലും നിലവിലുണ്ടോ ;

(സി) എറണാകുളം ജില്ലകളിൽ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ട് ; എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദവിവരം നൽകാമോ ;

(ഡി) സംവരണ വിഹിതം കണക്കാക്കി മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ ;

(ഇ) 2004-2007 കാലഘട്ടത്തിലെ ബാക്ക്ലോഗ് ഒഴിവുകൾ പ്രത്യേകം കണക്കാക്കി അടിയന്തരമായി നിയമനം നടത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 2004-2007 കാലഘട്ടത്തിലെ ബാക്ക്ലോഗ് ഒഴിവുകൾ 24-1-2011-ലെ സ.ഉ.(പി) നം.7/2011/സാ.ക്ഷേ.വ. നമ്പർ ഉത്തരവ് പ്രകാരം കണ്ടെത്തി നിയമനം നടത്തിവരികയാണ്.

സേവനാവകാശ നിയമം

51 (4383) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമപ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും ഇത് സംബന്ധിച്ച ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നിയമപ്രകാരം ഒന്നാം അപ്പീൽ അധികാരികൾക്കു ഇതുവരെ എത്ര അപ്പീൽ ലഭിച്ചു ;

(സി) രണ്ടാം അപ്പീൽ അധികാരികൾക്കു ഇതുവരെ എത്ര അപ്പീൽ ലഭിച്ചു ;

(ഡി) നിശ്ചിത ദിവസങ്ങൾക്കകം സേവനം നൽകാത്തതിനാൽ എത്ര ഉദ്യോഗസ്ഥർക്ക് ഇതുവരെ പിഴ ചുമത്തിയിട്ടുണ്ട് ; വകുപ്പ് തിരിച്ചു വിശദാംശം നൽകാമോ ;

(ഇ) പ്രസ്തുത നിയമനത്തിനു വ്യാപക പ്രചരണം നൽകാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) ഓരോ വകുപ്പും നിയമം കർശനമായി നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ;

(ജി) പഞ്ചായത്ത് വകുപ്പ് ഡയറക്ടറും നഗരസഭാ ഡയറക്ടറും സേവനാവകാശ നിയമപ്രകാരം നടത്തിയ വിജ്ഞാപനത്തിൽ തെറ്റ് സംഭവിച്ചിരുന്നോ ; എങ്കിൽ തെറ്റ് തിരുത്തി വിജ്ഞാപനം പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സേവനാവകാശ നിയമത്തിന്റെ പ്രചാരണത്തിനായി കൈപ്പുസ്തകം പ്രസിദ്ധീകരിക്കുകയും പത്രങ്ങൾ, ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ എന്നിവയിൽ പരസ്യങ്ങൾ നൽകുകയും സാമൂഹ്യ സാംസ്കാരിക പൊതുസംഘടനകളെക്കൊണ്ട് ചർച്ചകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ് & ജി) വിവരം ശേഖരിച്ചുവരുന്നു.

സേവനാവകാശ നിയമം

52 (4384) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം സംസ്ഥാനത്ത് എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ ; ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും നടപ്പിലാകാത്ത വകുപ്പുകൾ ഏതൊക്കെയെന്നും വിശദമാക്കാമോ ;

(സി) സേവനാവകാശ നിയമപ്രകാരം ഇതുവരെയായി ഓരോ വകുപ്പിലും എത്ര അപേക്ഷകളാണ് തീർപ്പാക്കിയത് എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നിയമപ്രകാരം എത്ര പേരെ വീതം ശിക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

999/2018

LIBRARY ARCHIVES Kerala Legislative Assembly